**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2613** **14-09-2023 - ൽ മറുപടിയ്ക്ക്**

**ഉടുമ്പൻചോല നെടുംകണ്ടം കോടതി സമുച്ചയ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. എം. മണി | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി ഉടുമ്പൻചോല മണ്ഡലത്തിലെ നെടുംകണ്ടത്ത് അനുവദിച്ച കോടതി സമുച്ചയത്തിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ; | (എ) | 17-05-2018-ലെ സ.ഉ (സാധാ) നം.1404/2018/ ഹോം നമ്പർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ, പദ്ധതി നിർവ്വഹണ ഏജൻസിയായ കെ.എസ്.സി.സി സമർപ്പിച്ച വിശദമായ പദ്ധതി രേഖ കിഫ്ബി പരിശോധിക്കുകയും 32.84 കോടി രൂപയുടെ ധനാനുമതി നൽകുകയും ചെയ്തു. തുടർന്ന്, ഡി.എസ്.ആർ നിരക്കിലുണ്ടായ മാറ്റത്തെത്തുടർന്നും GRIHA ചട്ടങ്ങൾ പ്രകാരവും പദ്ധതി നിർവ്വഹണ ഏജൻസി സമർപ്പിച്ച 39.47 കോടി രൂപയുടെ പുതുക്കിയ ശിപാർശ നിലവിലെ ചട്ടങ്ങളും ഉത്തരവുകളും പ്രകാരമുള്ള വിശദാംശങ്ങൾ ആവശ്യപ്പെട്ടുകൊണ്ട് മടക്കിയിരിക്കുകയാണ്. ആയത് നാളിതുവരെ കിഫ്ബിയിൽ പുനഃസമർപ്പിക്കപ്പെട്ടിട്ടില്ല. |
| (ബി) | പ്രസ്തുത പ്രവൃത്തിക്കായി അനുവദിച്ച തുക എത്രയാണ്; വ്യക്തമാക്കാമോ; | (ബി) | പ്രസ്തുത പ്രവൃത്തിക്ക് 32.84 കോടി രൂപ അനുവദിച്ചിട്ടുണ്ട്. |
| (സി) | കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണ്; വിശദാംശം നൽകാമോ; | (സി) | ഡി.എസ്.ആർ നിരക്കിലുണ്ടായ മാറ്റത്തെത്തുടർന്നും GRIHA ചട്ടങ്ങൾ പ്രകാരവും പ്രസ്തുത പ്രവൃത്തിക്കായി പദ്ധതി നിർവ്വഹണ ഏജൻസി സമർപ്പിച്ച 39.47 കോടി രൂപയുടെ പുതുക്കിയ ശിപാർശ നിലവിലെ ചട്ടങ്ങളും ഉത്തരവുകളും പ്രകാരമുള്ള വിശദാംശങ്ങൾ ആവശ്യപ്പെട്ടുകൊണ്ട് മടക്കിയിരിക്കുകയാണ്. ആയത് നാളിതുവരെ കിഫ്ബിയിൽ പുനഃസമർപ്പിക്കപ്പെട്ടിട്ടില്ല. പുനഃസമർപ്പിക്കപ്പെടുന്ന മുറയ്ക്ക് പരിശോധിച്ച് പുതുക്കിയ ധനാനുമതി ഉത്തരവ് കിഫ്ബി പുറപ്പെടുവിക്കാവുന്നതാണ്. ടി ഉത്തരവ് ലഭ്യമായാൽ മാത്രമേ, പദ്ധതി ആരംഭിക്കുന്നതിനുള്ള നടപടികൾ പദ്ധതി നിർവ്വഹണ ഏജൻസിക്ക് സ്വീകരിക്കാനാകൂ. ആയതിനാൽ, കെട്ടിട നിർമ്മാണ പ്രവൃത്തി നാളിതുവരെ ആരംഭിച്ചിട്ടില്ല. |
| (ഡി) | പ്രസ്തുത പ്രവൃത്തി ആരംഭിക്കാൻ കഴിയാതെ നീളുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ നീണ്ടു | (ഡി) | പ്രസ്തുത പ്രവൃത്തി നടപ്പാക്കുന്നതിനായി 32.84 കോടി രൂപ കിഫ്ബി അനുവദിച്ചിരുന്നുവെങ്കിലും, പിന്നീട്, |

| | | | |
|---|---|---|---|
| | പോകാനിടയായ സാഹചര്യം വിശദീകരിക്കാമോ; | | ഡി.എസ്.ആർ നിരക്കിലുണ്ടായ മാറ്റത്തെത്തുടർന്നും GRIHA ചട്ടങ്ങൾ പ്രകാരവും പദ്ധതി നിർവ്വഹണ ഏജൻസി സമർപ്പിച്ച 39.47 കോടി രൂപയുടെ പുതുക്കിയ ശിപാർശ കിഫ്ബിയുടെ അംഗീകാരത്തിനായി സമർപ്പിക്കുകയുണ്ടായി. ആയത് നിലവിലെ ചട്ടങ്ങളും ഉത്തരവുകളും പ്രകാരമുള്ള വിശദാംശങ്ങൾ ആവശ്യപ്പെട്ടുകൊണ്ട് മടക്കിയിരിക്കുകയാണ്. ടി ശിപാർശ ചട്ടങ്ങൾ പാലിച്ചുകൊണ്ട് കിഫ്ബിയിൽ പുനഃസമർപ്പിക്കപ്പെടുന്ന മുറയ്ക്ക് പരിശോധിച്ച് തൃപ്തികരമാകുന്ന പക്ഷം, പുതുക്കിയ ധനാനുമതി ഉത്തരവ് പുറപ്പെടുവിക്കാവുന്നതാണ്. ടി ഉത്തരവ് ലഭ്യമാകുന്ന മുറയ്ക്ക് പദ്ധതി നിർവ്വഹണ ഏജൻസിക്ക് പദ്ധതി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്. |
| (ഇ) | അടിയന്തരമായി നെടുംകണ്ടം കോടതി സമുച്ചയ നിർമ്മാണം ആരംഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ? | (ഇ) | ഡി.എസ്.ആർ നിരക്കിലുണ്ടായ മാറ്റത്തെത്തുടർന്നും GRIHA ചട്ടങ്ങൾ പ്രകാരവും പദ്ധതി നിർവ്വഹണ ഏജൻസി സമർപ്പിച്ച 39.47 കോടി രൂപയുടെ പുതുക്കിയ ശിപാർശയിന്മേൽ, നിലവിലെ ചട്ടങ്ങൾ പ്രകാരം കിഫ്ബി ആവശ്യപ്പെട്ടിട്ടുള്ള വിശദാംശങ്ങൾ പുനഃസമർപ്പിക്കപ്പെടുന്ന മുറയ്ക്ക് പരിശോധിച്ച് തൃപ്തികരമാകുന്ന പക്ഷം, കിഫ്ബി പുതുക്കിയ ധനാനുമതി ഉത്തരവ് പുറപ്പെടുവിക്കാവുന്നതാണ്. ആയതിന്റെ അടിസ്ഥാനത്തിൽ, നെടുംകണ്ടം കോടതി സമുച്ചയ നിർമ്മാണ പദ്ധതി ആരംഭിച്ച് യഥാസമയം പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ പദ്ധതി നിർവ്വഹണ ഏജൻസിക്ക് സ്വീകരിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ